Chief Minister **(Sri. T. K. Narayana Pillai) :**
Press reports show that Sri. C. Narayana Pillai has issued a statement on the question of integration of the service personnel.

പൊതു ആരാധനസ്ഥലം

*൩൧൪. (൭൩) ശ്രീ. പി. കെ. കുമാരൻ ആചാരി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ?

(എ) ശബരിമല ക്ഷേത്രം അഗ്നിക്കിരയായതിനു ശേഷം അതിനെത്തുടർന്ന് കൊച്ചിയിലും തിരുവിതാംകൂറിലുമായി എത്ര ക്ഷേത്രങ്ങൾ നശിപ്പിക്കപ്പെട്ടിട്ടുണ്ട്?

(ബി) അതിൽ ഏതെങ്കിലും ക്ഷേത്രം നശിപ്പിച്ചതിനെപ്പറ്റി തെളിവെടുക്കുന്നതിന് ഗവൺമെണ്ടിനു സാധിച്ചിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) : (എ) ൽ.

(ബി) ഉണ്ട്.

വ്യയനൃനീകരണം

*൩൧൫. (൭൪) ശ്രീ. പി. കെ. കുമാരൻ ആചാരി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ?

(എ) വ്യയനൃനീകരണാർത്ഥം ഗവൺമെണ്ട് സർവ്വീസിൽനിന്നും പിരിച്ചുവിടപ്പെട്ടവരുടെ എണ്ണമെത്ര?

(ബി) ഏതെല്ലാം ഡിപ്പാർട്ടുമെണ്ടിൽ നിന്നും എത്ര പേരെ വീതം പിരിച്ചുവിട്ടിട്ടുണ്ടെന്നു പറയുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) : (എ. ബി) വ്യയനൃനീകരണാർത്ഥം ഗവൺമെണ്ട് സർവ്വീസിൽ നിന്നും പലപ്പോഴായി പിരിച്ചുവിടപ്പെട്ടവരിൽ അധികം പേരെയും വീണ്ടും സർവ്വീസിൽ തിരിച്ചെടുത്തിട്ടുള്ളതുകൊണ്ട് ഓരോ ഡിപ്പാർട്ടുമെണ്ടിലേയും കൃത്യമായ എണ്ണം എത്ര എന്നു പറയുക സാദ്ധ്യമല്ല.

കടൽ വ്യവസായം

*൩൧൬. (൭൫) ശ്രീ. പി. കെ. കുമാരൻ ആചാരി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ സംസ്ഥാനത്തു കടൽവ്യവസായംനടപ്പിൽ ആക്കുന്നതിനു ഏതെങ്കിലും പദ്ധതി ഗവൺമെണ്ട് ആസൂത്രണം ചെയ്തിട്ടുണ്ടോ?

(ബി) ഇവിടെ ഒരു കടൽ വ്യവസായ കമ്മറ്റി പ്രവർത്തനം ആരംഭിച്ചിട്ട് എത്രമാസങ്ങളായിരിക്കുന്നു?

(സി) കമ്മറ്റിയിൽ എത്ര അംഗങ്ങളുണ്ടെന്നും കമ്മറ്റിയുടെ പ്രവർത്തനത്തിനു ഇതുവരെ ചിലവുചെയ്തിട്ടുള്ള തുക എത്രയെന്നും പറയുമോ?

വ്യവസായവും, എക്സ്സൈയിസും, പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ) : (എ) ഇപ്പോൾ നടപ്പിലുള്ള കടൽ വ്യവസാ

LIBRARY ARCHIVES Kerala Legislative Assembly